ജപ്പാൻ ഗവൺമെന്റ് സഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജലവിതരണ പദ്ധതി

168 [1830] ശ്രീ. എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾക്കാണ് ജപ്പാൻ ഗവൺമെന്റിന്റെ സാമ്പത്തിക സഹായധനം ലഭിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ആകെ എന്തു തുകയാണ് ഈ പദ്ധതിക്ക് ജപ്പാൻ ഗവൺമെന്റിൽ നിന്ന് പ്രതീക്ഷിക്കുന്നത്;

(സി) ഇതിൽ എന്തു തുക ലഭിച്ചു എന്നും, എന്തു തുക ചെലവഴിച്ചു വെന്നും വെളിപ്പെടുത്താമോ;

(ഡി) തുടങ്ങിയ പദ്ധതികളിൽ ഓരോന്നിന്റെയും അടങ്കൽ തുക എത്രയാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) താഴെ പറയുന്ന 5 ശുദ്ധജലവിതരണ പദ്ധതികൾക്കാണ് ജപ്പാൻ ഗവൺമെന്റിന്റെ സാമ്പത്തിക സഹായധനം ലഭിച്ചിട്ടുള്ളത്:

1. തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി.
2. മീനാടിനും സമീപഗ്രാമങ്ങൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (കൊല്ലം ജില്ല).
3. ചേർത്തലയ്ക്കും സമീപഗ്രാമങ്ങൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (ആലപ്പുഴ ജില്ല).
4. കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി.
5. പട്ടുവത്തിനും സമീപഗ്രാമങ്ങൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (കണ്ണൂർ ജില്ല).

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1519 കോടി രൂപ

(സി) 10.38 കോടി രൂപ ലഭിച്ചു. ഈ തുക മുഴുവൻ ചെലവഴിച്ചു.

(ഡി) ഓരോ പദ്ധതിയുടെയും അടങ്കൽ തുകയും ചെലവഴിച്ച തുകയും താഴെ പറയുന്നു:

പദ്ധതി	അടങ്കൽ തുക (രൂപ കോടിയിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
തിരുവനന്തപുരം	204.29	4.57
മീനാട്	162.16	72.72
പേർത്തല	242.97	114.74
കോഴിക്കോട്	428.40	1071.79
പട്ടുവം	203.84	311.12

(അടങ്കൽ തുകയിൽ ടാക്സ്സ് ആന്റ് ഡ്യൂട്ടീസ്, അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്, കണ്ടിജൻസി മുതലായ പൊതുവായ ഘടകങ്ങളുടെ തുക ഉൾപ്പെടുത്തിയിട്ടില്ല).

(ഇതുകൂടാതെ എല്ലാ സ്കീമിനും കൂടി ഉദ്യോഗസ്ഥരുടെ ശമ്പളം മുതലായവയ്ക്ക് 1073.59 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്).

കൊല്ലം ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരം നടക്കുന്ന പ്രവൃത്തികൾ

169 [1831] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിൽ എത്ര പദ്ധതികളുടെ പണി ഇപ്പോൾ നടക്കുന്നുണ്ട്; ഇവ ഏതെല്ലാമാണ്; ഏതെല്ലാം പഞ്ചായത്തുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും;

(ബി) പുനലൂർ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്; ഓരോന്നിന്റെയും എസ്റ്റിമേറ്റ് എത്ര; ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഏതെല്ലാം പഞ്ചായത്തുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly